**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *6 — 03.02.2020 ൽ മറുപടിക്ക്

**സെൻസസ്സ് ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശങ്ങൾ**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയ പൗരത്വ പട്ടിക നടപ്പിലാക്കുന്നതിനുള്ള ആദ്യപടിയായിട്ടാണ് കേന്ദ്ര സർക്കാർ ജനസംഖ്യാ പട്ടിക പുതുക്കുന്നത് എന്ന വസ്തുത സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വീടുകളിലെത്തി സെൻസസ്സ് എടുക്കേണ്ട ഉദ്യോഗസ്ഥർക്ക്, എൻ.പി.ആർ. കൂടി പുതുക്കണമെന്ന് കാണിച്ച് 12/11/19 ലെ ജി.ഒ.(എം.എസ്) 218/2019/ജി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നോ; | (ബി) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറുടെ നിർദ്ദേശം പരിഗണിച്ച് സംസ്ഥാനത്ത് സെൻസസ്സ് /എൻ.പി.ആർ. പ്രവർത്തനങ്ങൾക്കായി വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവായിരുന്നു. സിറ്റിസൺഷിപ്പ് അമെന്റ്മെന്റ് ആക്റ്റ് 2019 പാസ്സാക്കിയ ശേഷം തുടർന്ന് എൻ.പി.ആർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതില്ലാ എന്ന് സർക്കാർ തീരുമാനിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എൻ.പി.ആർ നടപടികൾ ഏറ്റെടുത്ത് നടത്തേണ്ടതില്ലാ എന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്തു കൊണ്ട് 20/12/2019 ലെ സ.ഉ.(എം.എസ്) 247/2019/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എൻ.പി.ആർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതില്ലായെന്ന് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുമുണ്ട്. |
| (ഡി) | സെൻസസ്സിനോടൊപ്പം എൻ.പി.ആർ. വിവരങ്ങൾ കൂടി പുതുക്കണമെന്ന് കാട്ടിയും ഉദ്യോഗസ്ഥരെ ഇതിനായി വിട്ട് കിട്ടണമെന്ന് ആവശ്യപ്പെട്ടും ജനവരി 13-ന് താമരശ്ശേരി തഹസീൽദാർ കത്ത് നൽകിയത് പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ) സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയതുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയ ജനസംഖ്യാ രജിസ്റ്റർ നടപടി ഏറ്റെടുത്ത് നടപ്പാക്കാനോ അതുമായി സഹകരിക്കാനോ സംസ്ഥാന സർക്കാരിന് കഴിയില്ലായെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ ജില്ലാ കളക്ടർമാർക്ക് നൽകുന്ന കത്തുകളിൽ NPR കൂടി പരാമർശിക്കുന്നുണ്ട്. ഇക്കാരണത്താൽ ചില ഉദ്യോഗസ്ഥർ ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട് നൽകുന്ന കത്തുകളിൽ എൻ.പി.ആർ ന്റെ കാര്യം കൂടി അശ്രദ്ധമായി പരാമർശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വ്യക്തിപരമായ ശ്രദ്ധ ചെലുത്തണമെന്നും അശ്രദ്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സെൻസസ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ തലവന്മാർക്കും ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പൗരത്വ ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനും സെൻസസ്സ് നടപടികൾ കുറ്റമറ്റ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനും എന്തൊക്കെ ഇടപെടലുകളാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | (ഇ) | 20/12/2019 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 247/2019/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.<br>2019 ഡിസംബർ 29 ന് ഈ വിഷയങ്ങൾ ചർച്ച ചെയ്യുവാനായി മുഖ്യമന്ത്രി സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടെയും സാമൂഹിക-മത-സാമുദായിക സംഘടനാ നേതാക്കളുടേയും യോഗം വിളിച്ചു ചേർത്തു.<br>സംസ്ഥാനത്തെ ജനാഭിലാഷത്തെ |

| | | | |
|---|---|---|---|
| | | | പ്രതിഫലിപ്പിച്ചുകൊണ്ട് ഭരണഘടനയിലെ മതനിരപേക്ഷ മൂല്യങ്ങൾ ഇല്ലാതാക്കുന്നതും പൗരത്വം നൽകുന്നതിൽ മതപരമായ വിവേചനം സൃഷ്ടിക്കുന്നതുമായ പൗരത്വ ഭേദഗതി നിയമം-2019 റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം കേരള നിയമസഭയിൽ ഐകകണ്ഠേന പാസ്സാക്കുകയും ചെയ്തു.<br>സംസ്ഥാന സർക്കാർ ഭരണഘടനയുടെ അനുഛേദം 131 പ്രകാരം അനുവദിച്ചു നൽകിയിട്ടുള്ള ഭരണഘടനാവകാശം വിനിയോഗിച്ച് പൗരത്വ ഭേദഗതി നിയമം-2019 ന്റെ ഭരണഘടനാ സാധുത ആരാഞ്ഞുകൊണ്ട് ബഹു.സുപ്രീം കോടതി മുമ്പാകെ 2020 ജനവരി 13 ന് ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യുകയുമുണ്ടായി.<br>ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടികൾ സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ല എന്നുള്ള കാര്യം കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിക്കുന്നതിന് 20.01.2020 ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം ചീഫ് സെക്രട്ടറി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യ കണക്കെടുപ്പ്(സെൻസസ്-2021)മായി സർക്കാർ പൂർണമായി സഹകരിക്കുമെന്നും രജിസ്ട്രാർ ജനറൽ & സെൻസസ്സ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുവാനും ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തുവാനും വിവിധ തട്ടിലുള്ള ജീവനക്കാരെ ചുമതലപ്പെടുത്തുക, ഇതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ സ്ഥലംമാറ്റം ഈ കാലയളവിൽ നിർത്തിവയ്ക്കുക, |

| | | | |
|---|---|---|---|
| | | | ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട് ചോദ്യാവലികൾ പുനഃപ്രസിദ്ധീകരിക്കുക തുടങ്ങി ജനസംഖ്യാ കണക്കെടുപ്പ് (Census-2021) സുഗമമായി നടത്തുന്നതിന് രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണർ ഓഫ് ഇൻഡ്യ നൽകുന്ന നിർദ്ദേശങ്ങളും അനുസരിച്ചുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ